വീണ്ടും വായനയ്ക്ക്

# പാൻ മസാല നിരോധിക്കാൻ നടപടി വേണം: ഹൈക്കോടതി

കൊച്ചി: സംസ്ഥാനത്തു പാൻ മസാല നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിനു ഹൈക്കോടതി നിർദ്ദേശം നൽകി. പാൻമസാല ആരോഗ്യത്തിനു ഹാനികരമാണെന്നതിനാൽ അതു നിരോധിച്ച് 98 ഡിസംബർ 23 ന് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാർ അനുമതിയോടെ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സാങ്കേതികമായ ന്യൂനത മൂലം ഇതു നടപ്പാക്കാൻ കഴിഞ്ഞില്ല. അതിനാൽ പുതിയ സർക്കുലർ പുറപ്പെടുവിക്കണം. ഇതിനുള്ള നടപടികൾ സ്വീകരിക്കാനാണ് ചീഫ് ജസ്റ്റിസ് കെ. കെ. ഉഷ, ജസ്റ്റിസ് കുര്യൻ ജോസഫ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

പുകയിലയുമായി ബന്ധപ്പെട്ട എല്ലാത്തരം സാധനങ്ങളുടേയും ഉപഭോഗം നിരോധിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി കോടതിയെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ബിൽ മാർച്ച് ഏഴിനു രാജ്യസഭയിൽ അവതരിപ്പിച്ചു.

തുടർന്നു പാർലമെന്റ് ജോയിന്റ് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിനു വേണമെങ്കിൽ ചുരുങ്ങിയ കാലത്തേക്കു നിരോധനം ഏർപ്പെടുത്താൻ കഴിയുമെന്നു കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടി. ഭക്ഷ്യപദാർത്ഥങ്ങൾ മായം ചേർക്കുന്നതു തടയാനുള്ള നിയമത്തിൽ ഇതിനുള്ള വ്യവസ്ഥയുണ്ട്. തൃശൂരിലെ ലഹരിവിരുദ്ധസമിതി ചെയർമാൻ പി. കെ. അബ്ദുൾ ഖാദർ നൽകിയ ഹർജിയിലാണു കോടതിയുടെ ഉത്തരവ്.

മലയാള മനോരമ
(2001 ജൂൺ 1)